# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4605** **20.10.2011 ന് മറുപടിയ്ക്ക്**

<u>വിലക്കയറ്റം തടയാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിലക്കയറ്റം തടയാൻ വിപണിയിൽ നിരന്തരം ഇടപെടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) എങ്കിൽ ഇതിനായി ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ ;<br>(സി) ഇതിന് ആവശ്യമായ കേന്ദ്ര സഹായം നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോ ;<br>(ഡി) ഈ പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എ),(ബി),(സി) & (ഡി)<br>സംസ്ഥാനത്തെ വിലനിലവാരം നിയന്ത്രിക്കുന്നതിനായുള്ള വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ ഇപ്പോൾ തന്നെ സ്ഥിരമായ സംവിധാനം നിലവിലുണ്ട്. അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചു നിറുത്തുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവെയ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്ന പ്രവണതയ്ക്ക് തടയിടുന്നതിനായി സിവിൽ സപ്ലൈസിലെ ഫീൽഡ് സ്റ്റാഫ് മറ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് വിപണിയിൽ നിരന്തരം പരിശോധന നടത്തുകയും വിവിധ നിയന്ത്രണ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. പരിശോധനകളും റെയ്ഡുകളും കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 43 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതിക്കുപുറമെ |

ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 20.56 ലക്ഷം കുടുംബങ്ങൾക്ക് ഇക്കഴിഞ്ഞ സെപ്റ്റംബർ മുതൽ ഒരു രൂപ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ നൽകിവരുന്നുണ്ട്. റേഷൻ കടകളിലൂടെ പൊതുവിപണിയേക്കാൾ 10% വിലക്കുറവിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യാനുള്ള ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 25% കേന്ദ്ര വിഹിതവും 75% സംസ്ഥാന വിഹിതവും ചേർത്താണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതി എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു.

സെക്ഷൻ ഓഫീസർ